**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നമ്പർ : 157** **25.03.2013-ൽ മറുപടിക്ക്.**

# അഗ്നിശമന സേനാ വിഭാഗത്തിന്റെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അഗ്നിശമന സേനാവിഭാഗത്തെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുണ്ടോ; എങ്കിൽ എന്തെല്ലാം ആധുനികവൽക്കരണ നടപടികളാണ് നടപ്പാക്കുന്നത്;<br><br>(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി 2013-14 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഈ ഇനത്തിൽ എത്ര തുക നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (എ) & (ബി)<br><br>ഉണ്ട് ; നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ താഴെപ്പറയുന്നു :<br><br>സംസ്ഥാനത്തെ ഏക അഗ്നിപ്രതിരോധ പരിശീലന കേന്ദ്രമായ തൃശ്ശൂരിലെ വിയ്യൂരിലുള്ള കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ നിലവാരം ഉയർത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്യും. ഇതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം ജീവന- ക്കാർക്ക് നൽകുന്നുണ്ട്. കൂടാതെ സ്വിമ്മിംഗിലും ഡൈവിംഗിലും പരിശീലനം നൽകുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള സ്വിമ്മിംഗ് പൂൾ ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ പണി പൂർത്തിയായി വരുന്നു. അക്കാദമിയെ ആധുനിക- വൽക്കരിക്കുന്നതിന്റെ ഭാഗമായി അധികം തസ്തികകൾ അനുവദിക്കുന്നതിനും ട്രെയിനിംഗ് ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതും സംബന്ധിച്ച വിഷയം പരിശോധനയിലാണ് ;<br><br>അടുത്ത വർഷത്തെ (2013-14) പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വകുപ്പിനെ നവീകരിക്കുന്നതിന് ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനും ബഹുനില മന്ദിരങ്ങളിലെ അഗ്നിപ്രതിരോധത്തിനായി സ്കൈ ലിഫ്റ്റ് വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു ;<br><br>രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന സമയം കുറയ്ക്കുന്നതിനും, ദുരന്ത സ്ഥലത്തേയ്ക്ക് എത്രയും വേഗം |

(മറുപുറം)

എത്തിച്ചേരുന്നതിനുമുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലായി കൂടുതൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുക ;

സുപ്രധാന കേന്ദ്രങ്ങളായ സെക്രട്ടേറിയറ്റ്, അസംബ്ലി ബ്ലോക്കുകളിൽ ഒരു സംയോജിത അഗ്നിപ്രതിരോധ വിഭാഗം സജ്ജമാക്കുക ;

കണ്ണൂരും, തൊടുപുഴയിലും പുതിയ ഫയർ സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കുക, കണ്ണൂർ, തൊടുപുഴ, ഗാന്ധിനഗർ, പാലക്കാട് എന്നിവിടങ്ങളിൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുക ;

വകുപ്പിലെ പഴയതും ഉപയോഗശൂന്യമായതുമായ വാഹനങ്ങൾക്കും ഉപകരണങ്ങൾക്കും പകരം പുതിയവ ലഭ്യമാക്കുക ;

മൺസൂൺ മുൻകരുതലിന്റെ ഭാഗമായി സെർച്ച് & റെസ്ക്യൂ ഉപകരണങ്ങൾ വാങ്ങുന്നതിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ഉത്തരവായിട്ടുള്ള ഉപകരണങ്ങൾ വാങ്ങുക ;

വാട്ടർ ടെൻഡർ, നോമക്സ്, ഫയർ ഫൈറ്റിംഗ് സ്യൂട്ട്, ബ്രീത്തിംഗ് അപ്പാരറ്റസ്, അണ്ടർ വാട്ടർ സെർച്ച് ലൈറ്റ്, മോഡേൺ ട്രസ്റ്റഡ് ടൈപ്പ് അലൂമിനിയം എക്സ്റ്റെൻഷൻ ലാഡർ, മോഡേൺ ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, പോർട്ടബിൾ പമ്പ് എന്നിവ വാങ്ങുക തുടങ്ങിയവയും 2013-14-ലെ പദ്ധതികളിൽപ്പെടുന്നു ;

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ ഒരു പ്രത്യേക നഗര അഗ്നിസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ് ;

വകുപ്പിനെ നവീകരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് ഒരു ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അഗ്നിശമന സേനാ വിഭാഗത്തെ ശാക്തീകരിക്കുക എന്ന ഉദ്ദേശത്തോടെ കേരളത്തിലെ ഫയർ സർവ്വീസിന്റെ ഏക പരിശീലന കേന്ദ്രമായ തൃശ്ശൂർ ജില്ലയിലെ വിയ്യൂരിലെ കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് അക്കാഡമിയിലെ പരിശീലന സംവിധാനങ്ങൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ അഗ്നിശമന സേനാ വിഭാഗത്തിന്റെ ഘടനയും രൂപകൽപ്പനയും പരിഷ്ക്കരിക്കുവാനും, പട്ടാമ്പി ഉൾപ്പെടെ അഞ്ച് കേന്ദ്രങ്ങളിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ തുറക്കാനും ഉദ്ദേശിക്കുന്നുണ്ട്.

അഗ്നിശമന സേന നവീകരണത്തിനായി ഈ വർഷം 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1100 ലക്ഷം രൂപ നവീകരണത്തിനും 400 ലക്ഷം രൂപ വിവിധ ഫയർ സ്റ്റേഷനുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തനത്തിനായും ഉൾപ്പെടുത്തിയിരിക്കുന്നു.

(മറുപുറം)

(സി) 2012-13 വർഷം പ്രഖ്യാപിച്ച ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചുവോ ; നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ?

: (സി) എറണാകുളം ജില്ലയിലെ പട്ടിമറ്റം, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ഇടുക്കി ജില്ലയിലെ മൂലമറ്റം എന്നിവയിൽ, പത്തനംതിട്ട ജില്ലയിലെ സീതത്തോട് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മൂലമറ്റം ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടിമറ്റം, കൊടുങ്ങല്ലൂർ ഫയർ സ്റ്റേഷനുകളുടെ പണി പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ